പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം 277 — 13-03-2017 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഡി.കെ.മുരളി**<br>**ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.യു.ആർ.പ്രദീപ്**<br>**ശ്രീ.പി.ടി.എ.റഹീം** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാത്തതു കാരണം തൊഴിലാളികൾ നേരിടുന്ന പ്രയാസം കണക്കിലെടുത്ത് ഫണ്ട് നേടിയെടുക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (എ) | 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും അവിദഗ്ധ കായിക വേതനമായി 1386.70 കോടി രൂപ തുക ആറ് ഘട്ടങ്ങളിലായി (03.01 . 2017) വരെ അനുവദിച്ചിട്ടുണ്ട്. 18.01.2017 ൽ അടുത്ത ഗഡുവിനായി പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല നടപടികൾ ഒന്നും ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നേരിട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക കത്ത് മുഖേന സംസ്ഥാനത്തിന് വേതന കുടിശ്ശികയുള്ള തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ അനുമതിയില്ലാത്തത് ഈ പദ്ധതിയുടെ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസൃതമായി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുവാദം നൽകുന്നതിന് മുൻപ് സമർപ്പിച്ച പ്രപ്പോസൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അംഗീകരിച്ചിട്ടില്ല. കേന്ദ്ര ഗ്രാമവികസനമന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ നിർദ്ദേശം, കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഉത്തരവുകൾ, 2016-17 ലെ മാസ്റ്റർ സർക്കുലർ എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. |
| (സി) | അർഹരായവർക്ക് പ്രതിവർഷം നൂറ് തൊഴിൽദിനം നൽകാൻ സാധ്യമാകാതെ പോകുന്നതിന്റെ മുഖ്യകാരണങ്ങൾ അറിയിക്കാമോ? | (സി) | എം.ഐ.എസ് മായി ബന്ധപ്പെട്ട ചില സാങ്കതിക തടസ്സങ്ങൾ നേരിട്ടതിനാൽ തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറക്ക് 100 ദിവസം തൊഴിൽ നൽകുന്നതിന് കഴിയാതെ |

| | | | |
|---|---|---|---|
| | | | വന്നിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന 02.03.2017 മുതൽ MIS ലുള്ള നിയന്ത്രണം എടുത്തുമാറ്റിയതിനാൽ 100 ദിവസം തൊഴിൽ ലഭിക്കാനുള്ള തടസ്സങ്ങൾ നീങ്ങിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**